## കേരള സർക്കാർ

### സംഗ്രഹം

ധനകാര്യ വകുപ്പ് - നിയോജക മണ്ഡല ആസ്തി വികസന പദ്ധതി - അടങ്കൽ തുക 10 ലക്ഷത്തിനും 25 ലക്ഷത്തിനും ഇടയിലുള്ള പ്രവൃത്തികളുടെ എണ്ണം വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

സ.ഉ.(പി) നം. 192/2016/ധന. തീയതി, തിരുവനന്തപുരം, 30.12.2016

---

പരാമർശം : 1) സ.ഉ. (പി) നം. 332/2012/ധന. തീയതി 11.06.2012
2) സ.ഉ.(പി) നം. 90/2015/ധന. തീയതി 19.02.2015

### ഉത്തരവ്

പരാമർശം 2-ലെ ഉത്തരവ് അനുസരിച്ച് നിയോജക മണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു നിയോജക മണ്ഡലത്തിൽ അനുവദിക്കാവുന്ന പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയും അവയിൽ 10 ലക്ഷത്തിനും 25 ലക്ഷത്തിനും ഇടയിൽ അടങ്കൽ തുകയുള്ള പ്രവൃത്തികളുടെ എണ്ണം 5 ആയും നിജപ്പെടുത്തിയിട്ടുണ്ട്.

2) 10 ലക്ഷത്തിനും 25 ലക്ഷത്തിനും ഇടയിൽ അടങ്കൽ തുകയുള്ള പ്രവൃത്തികളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് നിരവധി നിയമസഭാ സാമാജികർ ആവശ്യപ്പെടുകയും പ്രസ്തുത പ്രവൃത്തികൾ കൂടുതലായി ശിപാർശ ചെയ്യുകയും ചെയ്യുന്നുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിയോജക മണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം ഒരു നിയോജക മണ്ഡലത്തിൽ ഒരു സാമ്പത്തിക വർഷം അനുവദിക്കാവുന്ന പരമാവധി പ്രവൃത്തികളുടെ എണ്ണം 20

ആയി നിലനിർത്തിക്കൊണ്ടും അവയിൽ 10 ലക്ഷത്തിനും 25 ലക്ഷത്തിനും ഇടയിൽ അടങ്കലിൽ അനുവദിക്കാവുന്ന പ്രവൃത്തികളുടെ എണ്ണം 5 എന്ന പരിധി ഒഴിവാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ഡോ.കെ.എം.എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. എല്ലാ നിയമസഭാ സാമാജികർക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം,
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം,
4. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
5. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
6. എല്ലാ വകുപ്പ് തലവൻമാർക്കും.
7. എല്ലാ ജില്ലാ കളക്ടർമാർക്കും
8. ട്രഷറി ഡയറക്ടർ
9. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
10. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
11. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
12. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
13. വിദ്യാഭ്യാസമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
14. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി
15. നോഡൽ ഓഫീസർ, www.finance.kerala.gov.in
16. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**